(ബി&സി) 2011-ലെ ഹിന്ദുമതം ആചാരങ്ങൾ കുടുംബാംഗങ്ങൾക്കിടയിലുള്ള ദാമ്പത്യം, ഒഴിമുറി എന്നീ ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 1% എന്നതിനു വിധേയമായി പരമാവധി 1000 രൂപയാക്കി കുറയ്ക്കുകയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് 2% എന്നതിനു വിധേയമായി പരമാവധി 1000 രൂപയാക്കുകയും ചെയ്തിരുന്നു. 8-10-2014-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ പരിധി 1000 രൂപ എന്നത് പിൻവലിച്ച് ഉത്തരവായെങ്കിലും 1-1-2015-ലെ 20478/Leg.A2/2014/Law നമ്പർ നോട്ടിഫിക്കേഷനിലൂടെ പ്രസ്തുത ആശ്വാസ നടപടി പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട് പരമാവധി ആശ്വാസകരമായ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കാണ് കുടുംബാംഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളത് എന്നതിനാൽ പുനഃപരിശോധന പരിഗണനയിൽ ഇല്ല.

സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

280 (1365) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു നൽകുന്നതിന് ജില്ലാ രജിസ്ട്രാർമാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ അവസരത്തിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്ന് വ്യക്തമാക്കുമോ;

(സി) മതേതരസ്വഭാവം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളോ, മുറികളോ അംഗീകൃത സംഘങ്ങൾക്കായി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവു നൽകാൻ ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യവുമായി ഏതെങ്കിലും സഹകരണ സംഘം വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അധികാരമില്ല. കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിനുള്ള അധികാരം സർക്കാരിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) അധികാരമില്ല.

(ഡി) അപ്രകാരമുള്ള അപേക്ഷകൾ ലഭ്യമായതായി കാണാനില്ല.

കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണം

281 (1366) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി പൊളിഞ്ഞുവീഴാറായ കെട്ടിട വിഭാഗം മുഴുവനായി പൊളിച്ചുമാറ്റി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തുക അനുവദിക്കുന്നതിന് എന്നത്തേക്ക് ലഭ്യമാക്കുമെന്നും പ്രസ്തുത തുക ഇപ്പോൾ എവിടെയാണെന്നും വിശദമാക്കുമോ;

(ബി) പൊളിച്ചുമാറ്റിയ കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി തുക അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുമതി ലഭ്യമാക്കുന്നതിലേക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 8-5-2014-ലെ കത്ത് പ്രകാരം സർക്കാരിനു സമർപ്പിച്ചിരുന്നു. എന്നാൽ 2014-15 വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി നൽകിയിരുന്നില്ല. ഫണ്ട് ലഭ്യത ഉറപ്പുവരുത്തിടി പ്രവർത്തിക്കായി 2015-16 സാമ്പത്തിക വർഷം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിക്കായി 2015-16 സാമ്പത്തിക വർഷവും New Service Procedure പാലിച്ച് ടോക്കൺ വിതരണം വകയിരുത്തിയിട്ടില്ല. ടി പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിലേക്കായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ലഭ്യമായശേഷം പുതിയ ശിപാർശ സമർപ്പിക്കുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സർക്കാരിതുവരെയായിരുന്നു 11388/ഇ 3/2014/നി.വ. നമ്പർ ഫയലിലെ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly